# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 276 — 11-06-2012-ൽ മറുപടിയ്ക്ക്

## പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ പി.കെ. ബഷീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കിടക്കുന്ന പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ തുരുമ്പെടുത്തും ഭാഗങ്ങൾ മോഷ്ടിക്കപ്പെട്ടും നശിച്ചു പോകുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ കിടക്കുന്ന പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ തുരുമ്പെടുത്തു നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഭാഗങ്ങൾ മോഷ്ടിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം വാഹനങ്ങൾ ഒരു നിശ്ചിത സമയപരിധി നിശ്ചയിച്ച് ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) വിവിധ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ കോടതികളുടെ ഉത്തരവുകൾ മുഖേന തീർപ്പാക്കുന്നതുവരെ സൂക്ഷിക്കേണ്ടി വരുന്നു. എന്നാൽ ഉടമസ്ഥാവകാശം ഇല്ലാത്തതും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ വാഹനങ്ങൾ താമസം വരുത്താതെ KP Act Sec. 56 പ്രകാരം ലേലം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| **(സി)** പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ? | **(സി)** വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളിൽ ഉടമസ്ഥാവകാശം ഇല്ലാത്തതും, ക്രിമിനൽ കേസുകളിൽ ഉൾപ്പെടാത്തതുമായ വാഹനങ്ങൾ തുരുമ്പെടുത്തു നശിക്കാതെ, കഴിയുന്നത്ര വേഗം പരസ്യലേലം ചെയ്ത് ഒഴിവാക്കണമെന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ